'വിതച്ചപ്പോൾ പാറയുടെ മേൽ വീണുപോയ വിത്തിനെ 'കുറിച്ച്
ബൈബിളിൽ ഒരു പരാമർശമുണ്ട്.
പാറപ്പുറത്തു വീണ വിത്ത് പെട്ടെന്ന് മുളയ്ക്കുമെങ്കിലും ആഴത്തിൽ
വേരില്ലാത്തതിനാൽ സൂര്യന്റെ ചൂടേറ്റ് അത് ഉണങ്ങിപ്പോകുന്നു.
കഷ്ടതയും ബുദ്ധിമുട്ടും വന്നാൽ പെട്ടെന്ന് കാലിടറിപ്പോകുന്ന മനുഷ്യരെ
കുറിച്ചാണ് ഈ ഉപമ.
എന്നാൽ പാറമേൽ വീണ വിത്തുപോലും ലക്ഷ്യബോധമുണ്ടെങ്കിൽ
തന്റെ വഴി കണ്ടെത്തും എന്നതിന് മകുടോദാഹരണം ആണ് ഈ
ആഴ്ച്ചത്തെ ദളം.
പ്രതികൂല സാഹചര്യങ്ങൾ മുന്നിൽ മതിൽ തീർത്തപ്പോഴൊന്നും അവയെ
വിധിയായി സ്വീകരിക്കാതെ, ലക്ഷ്യബോധവും അക്ഷീണ പരിശ്രമവും
കൊണ്ട് ഓരോ തടസ്സവും ചവിട്ടുപടിയാക്കിയ പെൺകുട്ടി

ജിഷ കൊവൂർ
യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ
ചൊവ്വ ബ്രാഞ്ച്
കണ്ണൂർ

കണ്ണൂർ ജില്ലയിലെ കൊവൂർ ഗ്രാമത്തിൽ കർഷകനായിരുന്ന പി.എം
കുഞ്ഞിരാമൻ നമ്പ്യാരുടെയും എം.വി ദാക്ഷായണിയുടെയും മകളായി
1990 ഓഗസ്റ്റിൽ ജനിച്ച ജിഷ, കണ്ണൂർ ജില്ലയിലെ കൊവൂർ സെൻട്രൽ എൽ
.പി സ്കൂളിൽ പ്രാഥമിക പഠനം പൂർത്തിയാക്കി. തുടർന്ന് ചേടിച്ചേരി
ദേശമിത്രം യു.പി. സ്കൂൾ, കെ. പി. സി എച്ച് എസ് എസ് പട്ടാനൂർ
എന്നിവിടങ്ങളിലെ പഠനത്തിനു ശേഷം വിമൽ ജ്യോതി എഞ്ചിനീയറിംഗ്
കോളേജിൽ നിന്നും ബിരുദം പൂർത്തിയാക്കി.

ജിഷയുടെ തന്നെ വാക്കുകളിൽ പറഞ്ഞാൽ:
"ചെറുപ്പം മുതലേ അറിയാനുള്ള ആഗ്രഹം നന്നായിട്ട് ഉണ്ടായിരുന്നു.
അതിനപ്പുറം ദിശാബോധം സൃഷ്ടിക്കപ്പെടേണ്ടുന്ന അക്കാദമിക്
സാഹചര്യങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ലെന്നു പറയാം.
ദാരിദ്ര്യവും ഇല്ലായ്മകളും അരക്ഷിതാവസ്ഥകളും ചിലപ്പോൾ ചിലരിൽ
ലക്ഷ്യബോധം സൃഷ്ടിക്കുന്നതു കാണാറില്ലേ. അതുപോലെ വഴിയിൽ
വെച്ചു കയ്യിൽ വന്നു ചേർന്നതാണ് വായനയും എഴുത്തും
ബോധ്യങ്ങളുമൊക്കെ.'

പഠനത്തിൽ എന്നും മുൻപന്തിയിൽ ആയിരുന്ന ജിഷ വായനയും
എഴുത്തും എപ്പോഴും കൂടെകൊണ്ട് നടന്നിരുന്നു.
കവിതാ, കഥാ രചന മത്സരങ്ങളിൽ സ്ഥിരമായി പങ്കെടുത്ത്
സമ്മാനാർഹയായിരുന്ന ജിഷയുടെ
വായന വിപുലമാകുന്നത് പ്ലസ്ടു പഠനകാലത്താണ്. അതേ സമയത്ത് തന്നെ
അച്ഛനു പിടിപെട്ട അസുഖവും തുടർന്നു വന്ന സാമ്പത്തിക- മാനസിക
അരക്ഷിതാവസ്ഥകളെയും അതിജീവിച്ച് ജിഷ എഞ്ചിനീയറിംഗ് പഠനം

തിരഞ്ഞെടുത്തു. ആ സമയം അമ്മ കൂലിപ്പണിക്കു പോയാണ് കുടുംബം മുന്നോട്ട് പോയിരുന്നത്. എഞ്ചിനീയറിംഗ് പഠനത്തിൽ ആദ്യ വർഷങ്ങളിൽ 'writers cramp (Hand dystonia)' എന്ന ബുദ്ധിമുട്ട് പിടി മുറുക്കുന്നതും അച്ഛന് രോഗം കലശലാകുന്നതും ഒരുമിച്ചായിരുന്നു. ആശുപത്രികളിലേക്കുള്ള തനിച്ചുള്ള യാത്രകൾ മനസിൽ നോവിന്റെ വേവുള്ള കവിതകൾ സൃഷ്ടിച്ചു. എഞ്ചിനീയറിംഗ് മൂന്നാം വർഷത്തിന്റെ തുടക്കത്തിൽ അച്ഛനെ എന്നേക്കുമായി നഷ്ടപ്പെട്ടു.
അമ്മയുടെ വീട്ടുകാരുടെയും കൂട്ടുകാരുടേയും സഹായത്തോടെ writers cramp എന്ന ബുദ്ധിമുട്ടിനിടയിൽ തന്നെ പഠനം നല്ല നിലയിൽ പൂർത്തിയാക്കിയ ജിഷ കുറച്ചു നാൾ ITI യിൽ ഗസ്റ്റ് ലക്ചറർ ആയും, അതിന് ശേഷം ടെക്നോപാർക്കിലും പിന്നീട് ISRO യിൽ താൽക്കാലികമായും ജോലി ചെയ്തു.

എഞ്ചിനീയറിംഗ് പഠനത്തിനിടെ ഒളിച്ചു വെച്ച കവിതകൾ കണ്ടെത്തിയ സുഹൃത്തുക്കളുടെയും അധ്യാപകരുടെയും സഹായത്താൽ ജിഷയുടെ ആദ്യ കവിതാ സമാഹാരം 'മനസൊഴിക്കൽ' പിറക്കുന്നു.
ആ പുസ്തകത്തിന് 2011-ലെ ചെറുശ്ശേരി സ്മാരക ട്രസ്റ്റിന്റെ ചെറുശ്ശേരി അവാർഡ് ലഭിച്ചതിന് പിന്നിൽ, താൻ പോലും അറിയാതെ പുസ്തകം പലർക്കും അയച്ചുകൊടുത്ത തന്റെ മാമന്റെ പങ്കാണുള്ളതെന്ന് പ്രിയ എഴുത്തുകാരി വിനയപുരസ്സരം പറഞ്ഞൊഴിയുന്നു.

ജിഷയുടെ തന്നെ വാക്കുകൾ കടമെടുത്താൽ ജീവിതത്തിലെ ബാക്കി എല്ലാ ആകസ്മികതകളും പോലെ വന്ന് പെട്ട ഒന്നാണ് ബാങ്കിംഗ് മേഖലയും. 2014 ൽ കോർപ്പറേഷൻ ബാങ്ക് സർവ്വീസ് ബ്രാഞ്ചിൽ (തിരുവനന്തപുരം)ആയിരുന്നു ജിഷയുടെ ആദ്യ നിയമനം.

2025 ൽ കണ്ണൂരിലെ ബാങ്കു ജീവനക്കാരുടെ സാംസ്കാരിക സംഘടനയായ ക്യൂബിന്റെ ആഭിമുഖ്യത്തിൽ ജിഷയുടെ രണ്ടാമത്തെ കവിതാ സമാഹാരമായ 'വേരൊഴുക്കുകൾ' പ്രകാശനം ചെയ്യപ്പെട്ടു. പ്രശസ്ത കവി വീരാൻ കുട്ടി മാഷ് ആണ് പ്രകാശനം നടത്തിയത്.

ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ മാഗസിൻ, 'ബാങ്ക് വർക്കേഴ്സ് ഫോറത്തിന്റെ' നാൽപതാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ കവിതാ രചന മൽസരത്തിലും ജിഷ സമ്മാനാർഹയായിരുന്നു.

ഇതിനെല്ലാമിടയിൽ, മലയാളത്തോടുള്ള സ്നേഹക്കൂടുതൽ കൊണ്ട് 2025 ൽ മലയാള ഭാഷയിൽ ശ്രീ നാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ബിരുദാനന്തര ബിരുദ പഠനവും മികച്ച നിലയിൽ ജിഷ പൂർത്തിയാക്കി.

നിലവിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ എംപ്ലോയീസ് യൂണിയൻ കേരളയുടെ UBIEF ന്യൂസ് മാഗസിൻ എഡിറ്ററായും പ്രവർത്തിച്ചു വരുന്നു.

കൊറോണക്കാലത്ത് ടാലന്റഡ് ബാങ്കേഴ്സ് 'ചങ്ങാതി ' എന്ന വിഷയത്തെ കുറിച്ച് നടത്തിയ ഹൈക്കു കവിത മത്സരത്തിൽ പ്രത്യേക പരാമർശത്തിന് അർഹമായ ജിഷയുടെ കവിത ഇവിടെ ചേർക്കുന്നു :

"കൂട്ടുകാരാ, ചുവക്കുന്നു
മാമക സീമന്ത രേഖയിൽ
നിൻ സാന്ദ്ര സന്ധ്യകൾ..."

മാത്രമല്ല, ടിബിയുടെ പ്രതിവാര പംക്തി ആയിരുന്ന 'ക ക കാവ്യധ്വനിയിൽ ' സ്ഥിരം സാന്നിധ്യമായിരുന്നു ജിഷയുടെ കവിതകൾ. ഈ വർഷത്തെ ടിബി സാഹിത്യപുരസ്ക്കാരത്തിന് അർഹയായ ഐശ്വര്യ ടിയുടെ 'മറുപുറങ്ങൾ'എന്ന കവിതയ്ക്ക് ജിഷ എഴുതിയ ആസ്വാദനവും ശ്രദ്ധേയമായിരുന്നു. ക ക ക യുടെ 24ആം ദളത്തിൽ ജിഷയുടെ 'അഭയാർത്ഥികൾ' എന്ന കവിത ഭർത്താവ് ശ്രീരാഗ് ആലപിച്ചത്
അപ്രതീക്ഷിതമായി ടിബി യുടെ വക ലഭിച്ച സ്നേഹോപഹാരമായിരുന്നു എന്ന് ജിഷ സസന്തോഷം സ്മരിക്കുന്നു.

വായനയ്ക്കും യാത്രയ്ക്കുമായി കൂടുതൽ സമയം കണ്ടെത്തണമെന്നും, എഴുത്തിൽ കുറച്ച് കൂടി ശ്രദ്ധ കേന്ദ്രീകരിച്ച് അടുത്ത പുസ്തകം എത്രയും വേഗം പുറത്തിറക്കണം എന്നതുമൊക്കെയാണ് ജിഷയുടെ കൊച്ചു കൊച്ചു സ്വപ്നങ്ങൾ.
ജിഷയുടെ ഓരോ മുന്നേറ്റത്തിനും കരുത്തായി, തോളോട് തോൾ ചേർന്ന് ബാങ്ക് ഓഫ് ബറോഡ ജീവനക്കാരനായ ഭർത്താവ് ശ്രീരാഗ് ഒപ്പമുണ്ട് . നാലാം ക്ലാസുകാരിയും സർവ്വകലാവല്ലഭയുമായ മകൾ ദേവസൂര്യയുടെ സ്നേഹവും പ്രോത്സാഹനവും അവരുടെ യാത്രയ്ക്ക് കൂടുതൽ നിറവും ഊർജ്ജവും പകരുന്നു.

'ബോധി' എന്ന് പേരിട്ട പുതിയ വീട്ടിലേക്ക് ചേക്കേറിയതിന് പിന്നാലെ ദേവസൂര്യയ്ക്ക് കൂട്ടായി ഒരു അനിയത്തിക്കുട്ടി കൂടി എത്തിയ സന്തോഷത്തിലാണ് ജിഷയുടെ കുടുംബം. ആ സന്തോഷത്തിന് കൂടുതൽ മിഴിവേകാനായി 'ടാലന്റഡ് ബാങ്കർ ഓഫ് ദി വീക്ക്' പുരസ്ക്കാരം കൂടി ലഭ്യമാകുമ്പോൾ സ്വർണ്ണത്തിന് സുഗന്ധം കൂടി വന്നത് പോലെ ഹൃദ്യമാകുന്നു ആ കുടുംബ ചിത്രം.

ജിഷയുടെ സ്വപ്നങ്ങൾ അതിവേഗം യാഥാർഥ്യത്തിന്റെ ചിറകണിയട്ടെ. ഓരോ ലക്ഷ്യവും നേട്ടമായി വിരിയട്ടെയെന്ന് ടിബി കുടുംബം സ്നേഹപൂർവം ആശംസിക്കുന്നു.

---------------------------------------------------------------------------------------------

തയ്യാറാക്കിയത് : ശില്പ വസന്ത ശശി, UCO Bank, Gandhidham Branch, Kachchh, Gujarat

English version: Arya Gayathry, State Bank of India, Regional Office, Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

-----------------------------------------------------------------------------------------------

There is a Biblical parable about a seed that falls upon rocky ground. It sprouts quickly, but having no roots deep enough to sustain it, it withers away under the scorching sun. The parable speaks of those who stumble when faced with trials and adversity.

Yet, every now and then, life offers us an exception—someone who proves that even a seed cast upon stone can find its way, if it possesses purpose, resilience, and the courage to grow against all odds instead of blaming fate.

This week's Talented Banker of the Week is one such inspiring story.

Jisha Kovoor
Union Bank of India
Chovva Branch, Kannur

Born in August 1990 in Kovoor, Kannur, to farmer P.M. Kunjiraman Nambiar and M.V. Dakshayani, Jisha's journey began in the modest surroundings of a village where dreams often had to compete with circumstances. She completed her schooling at Kovoor Central L.P. School, Chedichery Desamithram U.P. School, and K.P.C.H.S.S. Pattanur before earning her Engineering degree from Vimal Jyothi Engineering College.

Reflecting on her childhood, Jisha says:
"I was always curious to know and learn more. Beyond that, there were hardly any academic environments that consciously nurtured direction or ambition. Sometimes poverty, uncertainty, and vulnerability create a sense of purpose in people. Perhaps that is how reading, writing, and awareness found their way into my life..."

A bright student throughout her academic years, Jisha carried her love for reading and writing alongside her studies. She was a regular participant and a prize winner—in poetry and story-writing competitions. Her reading habits expanded significantly during her higher secondary years.

Around the same time, life presented its first major challenge. Her father's illness brought financial and emotional instability to the family. While her mother worked as a daily wage labourer to keep the household afloat, Jisha chose to pursue engineering. During the early years of her course, she was diagnosed with Writer's Cramp (Hand Dystonia), even as her father's health continued to deteriorate.

Her lonely hospital visits and silent mental struggles slowly transformed themselves into heart-rending poetry.
At the beginning of her third year of engineering, she lost her father forever.

Supported by her maternal family and friends, Jisha completed her studies successfully despite her physical challenges. She later worked as a Guest Lecturer at an ITI, followed by short term jobs at Technopark and ISRO on a temporary basis.

The poems she had quietly tucked away during her engineering days were eventually discovered by friends and teachers, leading to the publication of her first poetry collection, “Manassozhikkal.” The book went on to receive the Cherusseri Award from the Cherusseri Memorial Trust in 2011. Jisha fondly recalls that the recognition came largely because her uncle, without her knowledge, had sent copies of the book to several people.

Like many other unexpected turns in her life, banking too arrived by chance. In 2014, she joined Corporation Bank at its Service Branch in Thiruvananthapuram, marking the beginning of her banking career.

In 2025, her second poetry collection, “Verozhukkukal” (Root Currents), was released under the auspices of Qube, the cultural organisation of bank employees in Kannur. The book was launched by renowned poet Veeran Kutty mash. She was also the prize winner in the poetry competition organised by the Bank Employees Federation of India, commemorating the 40th anniversary of their magazine, “Bank Workers’ Forum”.

Driven by her strong love for Malayalam literature, Jisha completed her Master’s Degree in Malayalam from Sree Narayana Guru Open University in 2025 with high marks.

She currently serves as the Editor of UBIEF News Magazine, published by the Union Bank of India Employees’ Union, Kerala.

During the pandemic, Jisha received a special mention in Talented Bankers’ Haiku competition on the theme “Changaathi - Friend.” One of her memorable verses reads:
“Kootukaara, chuvakkunnu
maamaka seemantha rekhayil
nin saandra sandhyakal” - My friend, your intense evenings redden my hair parting like vermilion (it is a close enough translation as per my understanding).”

Her poems were also a consistent presence in Talented Bankers’ weekly literary column, Ka Ka Kavyadhwani. Equally noteworthy was her thoughtful appreciation of Marupurangal, a poem by Aishwarya. T, recipient of this year’s TB Literary Award. Jisha

fondly remembers another unexpected gift from the Talented Bankers family—the rendition of her poem Abhayardhikal (Refugees) by her husband, Sreerag, in the 24th edition of Ka Ka Ka.

When asked about her dreams, Jisha's wishes are beautifully simple: to find more time for reading and travel, to devote greater attention to writing, and to bring out her next book at the earliest.

Standing steadfast beside her through every milestone is her husband Sreerag, an employee of Bank of Baroda. Their daughter Devasurya, a gifted multi talented fourth-grader, adds colour, joy, and energy to their journey.

The family is currently celebrating a season of happiness. Soon after moving into their new home, aptly named "Bodhi," they welcomed a baby daughter, bringing even more light into their lives. And now, with the honour of being named Talented Banker of the Week, that picture feels even more complete.

May Jisha's dreams continue to take her to greater heights. May every destination she seeks become a milestone achieved. The Talented Bankers family extends its warmest wishes as she continues to write, inspire, and grow—proving that even a seed cast upon rock can bloom into something extraordinary.